No. CEE/5500/2017/KEAM-2018/TA1


കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001


# KEAM-2018

## എം.ബി.ബി.എസ്/ബി.ഡി.എസ് കോഴ്സുകളിലേയ്ക്കുള്ള മോപ്പ്-അപ്പ് കൗൺസലിംഗ്

## പുതുക്കിയ വിജ്ഞാപനം

സംസ്ഥാനത്തെ എം.ബി.ബി.എസ്/ബി.ഡി.എസ് കോഴ്സുകളിൽ ഒഴിവുള്ള സീറ്റുകൾ നികത്തുന്നതിനുള്ള മോപ്പ്-അപ്പ് കൗൺസലിംഗ് (സ്പോട്ട് അഡ്മിഷൻ) **2018 സെപ്റ്റംബർ 4, 5 തീയതികളിൽ തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജ് കാമ്പസിലുള്ള ഓൾഡ് ആഡിറ്റോറിയത്തിൽ** വച്ച് പ്രവേശന പരീക്ഷാ കമ്മീഷണർ നടത്തുന്നതാണ്. **2018 സെപ്റ്റംബർ 4-ന് രാവിലെ 9 മണിയ്ക്ക്** ആരംഭിക്കുന്ന മോപ്പ്-അപ്പ് കൗൺസലിംഗ് അന്നേ ദിവസം അവസാനിക്കാത്ത പക്ഷം സെപ്റ്റംബർ 5, 6 തീയതികളിലും തുടരുന്നതാണ്.

2018 ലെ 20996, 19449, 19543, 19386 എന്നീ റിട്ട് പെറ്റിഷനുകളിന്മേലുള്ള 30.08.2018 ലെ ബഹു. കേരള ഹൈക്കോടതിയുടെ ഉത്തരവ് പ്രകാരം ***Al-Azhar Medical College & Super Speciality Hospital, Ezhalloor, Thodupuzha, Idukki (150 seats), DM Wayanad Institute of Medical Sciences, Kalpetta, Meppadi P.O., Wayanad (150 seats), P K Das Institute of Medical Sciences, Vaniyamkulam, Ottapalam, Palakkad (150 seats), S R Medical College and Research Centre, Akathumuri, Thiruvananthapuram (100 seats)*** എന്നീ സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകളിലേയ്ക്ക് പ്രവേശനം നൽകുന്നതിന് പ്രവേശന പരീക്ഷാ കമ്മീഷണർക്ക് അനുമതി ലഭ്യമായിട്ടുണ്ട്. മേൽപ്പറഞ്ഞ കോളേജുകളെ എം.ബി.ബി.എസ്/ബി.ഡി.എസ് കോഴ്സുകളിലെ ഒഴിവുള്ള സീറ്റുകൾ നികത്തുന്നതിനായി **2018 സെപ്റ്റംബർ 4, 5** തീയതികളിൽ **തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജ് കാമ്പസിലുള്ള ഓൾഡ് ആഡിറ്റോറിയത്തിൽ** വച്ച് നടത്തുന്ന മോപ്പ്-അപ്പ് കൗൺസലിംഗിൽ ഉൾപ്പെടുത്തി അലോട്ട്മെന്റ് നടത്തുന്നതായിരിക്കും. മോപ്പ്-അപ്പ് കൗൺസലിംഗിൽ പ്രവേശനം നൽകേണ്ട സീറ്റുകളുടെ എണ്ണം വർദ്ധിച്ചത് കണക്കിലെടുത്ത് മോപ്പ്-അപ്പ് കൗൺസലിംഗ് സുഗമമാക്കുന്നതിനുവേണ്ടി നേരത്തെ നിശ്ചയിച്ച പ്രകാരമുള്ള മോപ്പ്-അപ്പ് രജിസ്ട്രേഷനോടൊപ്പം വിദ്യാർത്ഥികളിൽ നിന്നും ഓൺലൈൻ ഓപ്ഷനുകൾ കൂടി സ്വീകരിച്ച് ആയതിന്റെ അടിസ്ഥാനത്തിൽ മോപ്പ്-അപ്പ് കൗൺസലിംഗ് നടത്തുന്നതിനുള്ള അനുമതി സർക്കാർ ലഭ്യമാക്കിയിട്ടുണ്ട്

**മോപ്പ്-അപ്പ് കൗൺസലിംഗിൽ പങ്കെടുക്കാൻ ഓൺലൈൻ ഓപ്ഷൻ സമർപ്പണം നിർബന്ധമാണ്**

പ്രവേശന പരീക്ഷാ കമ്മീഷണർ നടത്തുന്ന മോപ്പ്-അപ്പ് കൗൺസലിംഗിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിലെ **'Option Registration for Mop-up'** എന്ന ലിങ്കിലൂടെ ഓപ്ഷനുകൾ ഓൺലൈനായി രജിസ്റ്റർ ചെയ്യേണ്ടതാണ്. ഇതോടൊപ്പം ഒരു **'മോപ്പ്-അപ്പ് കൗൺസലിംഗ് സ്ലിപ്പ്'** വെബ്പേജിൽ നിന്ന് ഡൗൺലോഡ് ചെയ്തെടുക്കാവുന്നതാണ്. വെബ്സൈറ്റിലൂടെ ഓൺലൈൻ ഓപ്ഷനുകൾ സമർപ്പിക്കുന്നതിനുള്ള സൗകര്യം **01.09.2018** മുതൽ **03.09.2018 വൈകുന്നേരം 6 മണി** വരെ ലഭ്യമാകുന്നതാണ്. മോപ്പ്-അപ്പ് കൗൺസലിംഗിൽ എം.ബി.ബി.എസ്/ബി.ഡി.എസ് കോഴ്സുകളിലേയ്ക്കുള്ള അലോട്ട്മെന്റ് വിദ്യാർത്ഥികൾ ഓൺലൈനായി സമർപ്പിക്കുന്ന ഓപ്ഷനുകളുടെ മുൻഗണനാ ക്രമത്തിലും അവരുടെ അർഹതയ്ക്ക് അനുസരിച്ചും മോപ്പ്-അപ്പ് കൗൺസലിംഗിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ടും ആയിരിക്കും. അതനുസരിച്ച് ഒരു സർക്കാർ മെഡിക്കൽ കോളേജിൽ എം.ബി.ബി.എസ് കോഴ്സിന് പ്രവേശനം നേടിയിരിക്കുന്ന വിദ്യാർത്ഥികൾക്ക് മറ്റൊരു സർക്കാർ മെഡിക്കൽ കോളേജിലേയ്ക്ക് ഓപ്ഷനുകൾ സമർപ്പിക്കാൻ കഴിയില്ല. അതുപോലെ ഒരു സ്വാശ്രയ മെഡിക്കൽ കോളേജിൽ എം.ബി.ബി.എസ് കോഴ്സിന് പ്രവേശനം നേടിയിരിക്കുന്ന വിദ്യാർത്ഥികൾക്ക് മറ്റൊരു സ്വാശ്രയ മെഡിക്കൽ കോളേജിലേയ്ക്ക് ഓപ്ഷനുകൾ സമർപ്പിക്കാൻ കഴിയില്ല. ദന്തൽ കോളേജുകൾക്കും സമാനമായ നിബന്ധന ബാധകമാണ്. പ്രവേശനം നേടാൻ ആഗ്രഹിക്കുന്നതും പ്രവേശനം ലഭിച്ചാൽ പഠനം തുടരും എന്ന് ഉറപ്പുള്ളതുമായ

കോളേജുകൾക്കും കോഴ്സുകൾക്കും മാത്രം ഓപ്ഷനുകൾ നൽകാൻ വിദ്യാർത്ഥികൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. **കൂടാതെ മോപ്പ്-അപ്പ് കൗൺസലിംഗ് വേളയിൽ പുതുതായി ഒഴിവുകൾ ഉണ്ടാകാൻ സാധ്യതയുള്ളതിനാൽ താത്പര്യമുള്ള കോഴ്സിലേയ്ക്ക്/കോളേജിലേയ്ക്ക് നേരത്തെ തന്നെ ഓപ്ഷനുകൾ സമർപ്പിക്കുന്നതിന് വിദ്യാർത്ഥികൾ ശ്രദ്ധിക്കേണ്ടതാണ്. വിദ്യാർത്ഥികൾ ഓൺലൈനായി സമർപ്പിച്ച ഓപ്ഷൻ ലിസ്റ്റിന്റെ പ്രിന്റൗട്ടും മോപ്പ്-അപ്പ് കൗൺസലിംഗ് സ്ലിപ്പുമായി വേണം മോപ്പ്-അപ്പ് കൗൺസലിംഗിന് ഹാജരാകേണ്ടത്. ഓൺലൈൻ ഓപ്ഷനുകൾ സമർപ്പിക്കാത്ത വിദ്യാർത്ഥികളെ മോപ്പ്-അപ്പ് കൗൺസലിംഗിന് പരിഗണിക്കുന്നതല്ല.**

**കുറിപ്പ്;** ഇതിനോടകം മോപ്പ്-അപ്പ് കൗൺസലിംഗിന് വേണ്ടി ഓൺലൈനായി രജിസ്റ്റർ ചെയ്ത വിദ്യാർത്ഥികളും **03.09.2018 വൈകുന്നേരം 6 മണിയ്ക്ക്** മുൻപായി വെബ്സൈറ്റിലൂടെ ഓൺലൈൻ ഓപ്ഷനുകൾ സമർപ്പിക്കേണ്ടതാണ്.

**പ്രത്യേക ശ്രദ്ധയ്ക്ക്:**

1) മോപ്പ്-അപ്പ് കൗൺസലിംഗിനു വേണ്ടി സമർപ്പിച്ച ഓപ്ഷനുകളുടെ അടിസ്ഥാനത്തിൽ ലഭ്യമാകുന്ന അലോട്ട്മെന്റ് സ്വീകരിക്കാൻ വിദ്യാർത്ഥികൾ ബാധ്യസ്ഥരാണ്. ലഭ്യമാകുന്ന അലോട്ട്മെന്റ് സ്വീകരിക്കാത്ത പക്ഷം അവരെ മോപ്പ്-അപ്പ് കൗൺസലിംഗിന്റെ തുടർ പ്രക്രിയയിൽ ഉൾപ്പെടുത്തുന്നതല്ല.
2) 03.09.2018 വൈകുന്നേരം 6 മണിയ്ക്ക് മുൻപായി മോപ്പ്-അപ്പ് കൗൺസലിംഗിനു വേണ്ടി രജിസ്റ്റർ ചെയ്യുന്ന ഓപ്ഷനുകളിൽ പിന്നീട് മാറ്റം വരുത്താൻ അനുവദിക്കുന്നതല്ല. ആയതിനാൽ മോപ്പ്-അപ്പ് കൗൺസലിംഗിനു വേണ്ടി അനാവശ്യ ഓപ്ഷനുകൾ നൽകാതിരിക്കാൻ വിദ്യാർത്ഥികൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

മോപ്പ്-അപ്പ് കൗൺസലിംഗിൽ എം.ബി.ബി.എസ്/ബി.ഡി.എസ് കോഴ്സുകളിൽ അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ അപ്പോൾ തന്നെ ഫീസ് ഒടുക്കി അതത് കോളേജുകളിൽ പ്രവേശനം നേടേണ്ടതാണ്. ഇതിനായി എല്ലാ മെഡിക്കൽ/ദന്തൽ കോളേജ് അധികാരികളും മോപ്പ്-അപ്പ് കൗൺസലിംഗ് നടക്കുന്ന സ്ഥലത്ത് സന്നിഹിതരായിരിക്കുന്നതാണ്.

**മോപ്പ്-അപ്പ് കൗൺസലിംഗ് സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ**

i) ഒരു സർക്കാർ മെഡിക്കൽ കോളേജിൽ പ്രവേശനം നേടിയിരിക്കുന്ന വിദ്യാർത്ഥികൾക്ക് മറ്റൊരു സർക്കാർ മെഡിക്കൽ കോളേജിലേയ്ക്കോ, ഒരു സ്വാശ്രയ മെഡിക്കൽ കോളേജിൽ പ്രവേശനം നേടിയിരിക്കുന്ന വിദ്യാർത്ഥികൾക്ക് മറ്റൊരു സ്വാശ്രയ മെഡിക്കൽ കോളേജിലേയ്ക്കോ മോപ്പ്-അപ്പ് കൗൺസലിംഗിൽ മാറ്റം അനുവദിക്കുന്നതല്ല.

ii) ഒരു സർക്കാർ ദന്തൽ കോളേജിൽ പ്രവേശനം നേടിയിരിക്കുന്ന വിദ്യാർത്ഥികൾക്ക് മറ്റൊരു സർക്കാർ ദന്തൽ കോളേജിലേയ്ക്കോ, ഒരു സ്വാശ്രയ ദന്തൽ കോളേജിൽ പ്രവേശനം നേടിയിരിക്കുന്ന വിദ്യാർത്ഥികൾക്ക് മറ്റൊരു സ്വാശ്രയ ദന്തൽ കോളേജിലേയ്ക്കോ മോപ്പ്-അപ്പ് കൗൺസലിംഗിൽ മാറ്റം അനുവദിക്കുന്നതല്ല.

iii) എന്നാൽ സ്വാശ്രയ മെഡിക്കൽ/ദന്തൽ കോളേജുകളിൽ പ്രവേശനം നേടിയിരിക്കുന്ന വിദ്യാർത്ഥികൾക്ക് സർക്കാർ മെഡിക്കൽ/ദന്തൽ കോളേജുകളിലേയ്ക്കോ തിരിച്ചോ മോപ്പ്-അപ്പ് കൗൺസലിംഗിൽ മാറ്റം അനുവദിക്കുന്നതാണ്.

iv) ഒരു സ്വാശ്രയ കോളേജിലെ എൻ.ആർ.ഐ സീറ്റിൽ പ്രവേശനം നേടിയിരിക്കുന്ന വിദ്യാർത്ഥികൾക്ക് മറ്റൊരു സ്വാശ്രയ കോളേജിലെയോ അതേ കോളേജിൽ തന്നെയുള്ളതോ ആയ ഗവൺമെന്റ്/മൈനോറിറ്റി സീറ്റിലേയ്ക്ക് അതേ കോഴ്സിനാണെങ്കിൽ പോലും മോപ്പ്-അപ്പ് കൗൺസലിംഗിൽ മാറ്റം അനുവദിക്കുന്നതാണ്.

**ഫീസ് സംബന്ധിച്ച വിവരങ്ങളും ഒടുക്കേണ്ട വിധവും:**

മോപ്പ്-അപ്പ് കൗൺസലിംഗിൽ അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ താഴെപ്പറയുന്ന ഫീസ് ഏതെങ്കിലും ദേശസാൽകൃത ബാങ്കിൽ നിന്നും പ്രവേശന പരീക്ഷാ കമ്മീഷണറുടെ പേരിൽ തിരുവനന്തപുരത്ത് മാറാവുന്ന ഡിമാന്റ് ഡ്രാഫ്റ്റ് ആയി എടുത്ത് കൗൺസലിംഗ് വേളയിൽ ഹാജരാക്കേണ്ടതാണ്.

1) സർക്കാർ മെഡിക്കൽ കോളേജുകളിൽ എം.ബി.ബി.എസ് കോഴ്സിന് പ്രവേശനം ലഭിക്കുന്ന വിദ്യാർത്ഥികൾ- **25,000/- രൂപ**
2) സർക്കാർ ദന്തൽ കോളേജുകളിൽ ബി.ഡി.എസ് കോഴ്സിന് പ്രവേശനം ലഭിക്കുന്ന വിദ്യാർത്ഥികൾ- **23,000/- രൂപ**
3) സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ ഗവൺമെന്റ്/മൈനോറിറ്റി/എൻ.ആർ.ഐ ക്വാട്ടയിൽ എം.ബി.ബി.എസ് കോഴ്സിന് പ്രവേശനം ലഭിക്കുന്ന വിദ്യാർത്ഥികൾ- **5 ലക്ഷം രൂപ.**

4) സ്വാശ്രയ ദന്തൽ കോളേജുകളിൽ ഗവൺമെന്റ്/മൈനോരിറ്റി/എൻ.ആർ.ഐ ക്വാട്ടയിൽ ബി.ഡി.എസ് കോഴ്സിന് പ്രവേശനം ലഭിക്കുന്ന വിദ്യാർത്ഥികൾ- **3 ലക്ഷം രൂപ.**

5) എം.ബി.ബി.എസ്/ബി.ഡി.എസ് കോഴ്സുകളിൽ പ്രവേശനം ലഭിക്കുന്ന എസ്.സി./എസ്.റ്റി./ ഒ.ഇ.സി/രജിസ്റ്റേർഡ് മത്സ്യത്തൊഴിലാളികളുടെ മക്കൾ എന്നീ വിഭാഗങ്ങളിലെ വിദ്യാർത്ഥികളും, G.O.(Ms)No.25/2005/SCSTDD, തീയതി: 20.06.2005, G.O.(Ms)No.10/2014/BCDD തീയതി: 23.05.2014 എന്നീ സർക്കാർ ഉത്തരവുകൾ അനുസരിച്ച് ഫീസ് ആനുകൂല്യത്തിന് അർഹരായ വിദ്യാർത്ഥികളും - **1,000/-രൂപ.**

6) ഇതിനോടകം മെഡിക്കൽ & അനുബന്ധ കോഴ്സുകളിൽ അലോട്ട്മെന്റ് ലഭിച്ച് ഫീസിനത്തിൽ വിദ്യാർത്ഥികൾ ഏതെങ്കിലും തുക പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഒടുക്കിയിട്ടുള്ള പക്ഷം മേൽപ്പറഞ്ഞ തുകയിൽ നിന്നും പ്രസ്തുത തുക കഴിച്ച് ബാക്കി തുകയ്ക്കുള്ള ഡിമാന്റ് ഡ്രാഫ്റ്റ് സമർപ്പിച്ചാൽ മതിയാകും.

**മോപ്പ്-അപ്പ് കൗൺസലിംഗിന് ഹാജരാക്കേണ്ട രേഖകൾ**

മോപ്പ്-അപ്പ് കൗൺസലിംഗിൽ പങ്കെടുക്കാൻ താത്പര്യമുള്ള വിദ്യാർത്ഥികൾ പ്രവേശന പരീക്ഷാ കമ്മീഷണറുടെ വെബ്സൈറ്റിലൂടെ നിശ്ചിത സമയത്തിനകം ഓൺലൈനായി രജിസ്റ്റർ ചെയ്തതിനു ശേഷം താഴെപ്പറയുന്ന രേഖകളുമായി മോപ്പ്-അപ്പ് കൗൺസലിംഗിന് ഹാജരാകേണ്ടതാണ്.

1. മോപ്പ്-അപ്പ് കൗൺസലിംഗ് സ്ലിപ്പ്
2. ഓപ്ഷൻ ലിസ്റ്റിന്റെ പ്രിന്റൗട്ട്.
3. നിശ്ചിത തുകയ്ക്കുള്ള ഡിമാന്റ് ഡ്രാഫ്റ്റ്.
4. ഇപ്പോൾ ഒരു കോഴ്സിലും പ്രവേശനം നേടിയിട്ടില്ലാത്ത വിദ്യാർത്ഥികൾ അവർ അവസാനം പഠിച്ച സ്ഥാപനത്തിൽ നിന്നുള്ള വിടുതൽ സർട്ടിഫിക്കറ്റ്, സ്വഭാവ സർട്ടിഫിക്കറ്റ്, യോഗ്യതാ പരീക്ഷയുടെ (ഹയർ സെക്കന്ററി/തത്തുല്യം) അസ്സൽ മാർക്ക്ലിസ്റ്റുകൾ എന്നിവ കൂടാതെ പാസ്സ് സർട്ടിഫിക്കറ്റ് ലഭ്യമായിട്ടുണ്ടെങ്കിൽ അതും.
5. പ്രവേശന പരീക്ഷാ കമ്മീഷണറുടെ അലോട്ട്മെന്റ് വഴി എം.ബി.ബി.എസ്/ബി.ഡി.എസ് ഒഴികെയുള്ള മറ്റേതെങ്കിലും കോഴ്സിൽ ഇപ്പോൾ പ്രവേശനം നേടിയിരിക്കുന്ന വിദ്യാർത്ഥികൾ അവരുടെ വിടുതൽ സർട്ടിഫിക്കറ്റും വിദ്യാഭ്യാസ യോഗ്യത തെളിയിക്കുന്ന രേഖകളും കോളേജിൽ ഹാജരാക്കിയിട്ടുണ്ട് എന്ന് സാക്ഷ്യപ്പെടുത്തിക്കൊണ്ട് ബന്ധപ്പെട്ട കോളേജ് അധികാരിയിൽ നിന്നുള്ള **'പൊസഷൻ സർട്ടിഫിക്കറ്റ്'**, **വിദ്യാഭ്യാസ യോഗ്യത തെളിയിക്കുന്ന രേഖകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ** എന്നിവ.
6. പ്രവേശന പരീക്ഷാ കമ്മീഷണറുടെ അലോട്ട്മെന്റ് വഴി അല്ലാതെ ഏതെങ്കിലും കോഴ്സിൽ ഇപ്പോൾ പ്രവേശനം നേടിയിരിക്കുന്ന വിദ്യാർത്ഥികൾ സ്ഥാപനത്തിൽ നിന്നും വിടുതൽ നൽകുന്നതിന് തടസ്സമില്ല എന്ന് കാണിക്കുന്ന **'നിരാക്ഷേപ പത്രം (No Objection Certificate)'**, വിടുതൽ സർട്ടിഫിക്കറ്റും വിദ്യാഭ്യാസ യോഗ്യത തെളിയിക്കുന്ന രേഖകളും കോളേജിൽ ഹാജരാക്കിയിട്ടുണ്ട് എന്ന് സാക്ഷ്യപ്പെടുത്തിക്കൊണ്ട് ബന്ധപ്പെട്ട കോളേജ് അധികാരിയിൽ നിന്നുള്ള **'പൊസഷൻ സർട്ടിഫിക്കറ്റ്'**, **വിദ്യാഭ്യാസ യോഗ്യത തെളിയിക്കുന്ന രേഖകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ** എന്നിവ.
7. കേരളത്തിലെ ഏതെങ്കിലും യൂണിവേഴ്സിറ്റിയിൽ നിന്നുള്ള എലിജിബിലിറ്റി സർട്ടിഫിക്കറ്റ് (കേരളാ ഹയർ സെക്കന്ററി/വൊക്കേഷണൽ ഹയർ സെക്കന്ററി/സി.ബി.എസ്.ഇ/സി.ഐ.എസ്.സി.ഇ ബോർഡിൽ നിന്നും പരീക്ഷ പാസ്സായവർ അല്ലെങ്കിൽ)
8. മൈഗ്രേഷൻ സർട്ടിഫിക്കറ്റ് (ബാധകമെങ്കിൽ)
9. ജനന തീയതി തെളിയിക്കുന്നതിനുള്ള രേഖ
10. KEAM 2018 ഡാറ്റാ ഷീറ്റ്
11. KEAM 2018 പ്രോസ്പെക്ടസ് അനുബന്ധം XVII (b) പ്രകാരമുള്ള ശാരീരിക ക്ഷമതാ സർട്ടിഫിക്കറ്റ്
12. എൻ.ആർ.ഐ ക്വാട്ടയിൽ പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ എൻ.ആർ.ഐ ക്ലെയിം തെളിയിക്കുന്നതിനുള്ള രേഖകളുടെ അസ്സൽ (22.11.2017, 14.06.2018 എന്നീ തിയതികളിലെ ഓഫീസ് വിജ്ഞാപനങ്ങൾ വെബ്സൈറ്റിൽ ലഭ്യമായിട്ടുള്ളത് കാണുക).

**എൻ.ആർ.ഐ ക്വാട്ടയിൽ ആവശ്യക്കാർ ഇല്ലാത്ത പക്ഷം മോപ്പ്-അപ്പ് കൗൺസലിംഗിൽ പുതുതായി രേഖകൾ സമർപ്പിക്കുന്നവരെ പരിഗണിക്കുന്നത് സംബന്ധിച്ച്**

21.08.2018 ലെ സ.ഉ(സാധാ) നം. 2647/2018/ആ.കു.വ സർക്കാർ ഉത്തരവ് പ്രകാരം എം.ബി.ബി.എസ്/ ബി.ഡി.എസ് കോഴ്സുകളിലെ എൻ.ആർ.ഐ ക്വാട്ടാ സീറ്റുകളിലേയ്ക്ക് നിലവിൽ പ്രവേശന പരീക്ഷാ കമ്മീഷണർ പ്രസിദ്ധീകരിച്ചിട്ടുള്ള എൻ.ആർ.ഐ കാറ്റഗറി ലിസ്റ്റിൽ നിന്നും ആവശ്യത്തിന് അപേക്ഷകർ ലഭ്യമാകാതെ വരുന്ന പക്ഷം പുതുതായി എൻ.ആർ.ഐ ക്ലെയിം തെളിയിക്കുന്നതിനുള്ള രേഖകൾ സമർപ്പിക്കുന്ന വിദ്യാർത്ഥികളെ പരിഗണിക്കുന്നതാണ്. നേരത്തേ എൻ.ആർ.ഐ ക്വാട്ടയിലേയ്ക്ക് പ്രവേശനത്തിനായി രേഖകൾ സമർപ്പിക്കാൻ കഴിയാതിരുന്ന വിദ്യാർത്ഥികൾക്കും, സമർപ്പിച്ച രേഖകളിൽ പോരായ്മകൾ ഉണ്ടായിരുന്നതിനാൽ എൻ.ആർ.ഐ കാറ്റഗറി ലിസ്റ്റിൽ ഉൾപ്പെടാൻ കഴിയാതിരുന്ന വിദ്യാർത്ഥികൾക്കും 2018 ആഗസ്റ്റ് 28-ന് നടത്തുന്ന മോപ്പ്-അപ്പ്

കൗൺസലിംഗിൽ പുതുതായി എൻ.ആർ.ഐ രേഖകൾ സമർപ്പിച്ച് എൻ.ആർ.ഐ ക്വാട്ടയിലെ ഒഴിവുള്ള സീറ്റുകളിൽ പ്രവേശനം നേടുന്നതിന് അവസരം ഉണ്ടായിരിക്കുന്നതാണ്. നിലവിൽ പ്രവേശന പരീക്ഷാ കമ്മീഷണർ പ്രസിദ്ധീകരിച്ചിട്ടുള്ള എൻ.ആർ.ഐ കാറ്റഗറി ലിസ്റ്റിലുള്ളവരെ പരിഗണിച്ച ശേഷം മാത്രമായിരിക്കും പുതുതായി എൻ.ആർ.ഐ രേഖകൾ സമർപ്പിക്കുന്നവരെ പരിഗണിക്കുക. എൻ.ആർ.ഐ ക്വാട്ടാ പ്രവേശനം സംബന്ധിച്ച് പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in, www.cee-kerala.org എന്നീ വെബ്സൈറ്റുകളിൽ ലഭ്യമായ 14.06.2018-ലെ ഓഫീസ് വിജ്ഞാപന പ്രകാരമുള്ള അസ്സൽ രേഖകൾ സമർപ്പിക്കുന്നവരെ മാത്രമേ പരിഗണിക്കുകയുള്ളൂ.

**നീറ്റ് യോഗ്യത നേടിയതും സംസ്ഥാന റാങ്ക്ലിസ്റ്റിൽ ഉൾപ്പെടാത്തതുമായ വിദ്യാർത്ഥികളെ ഒഴിവുവരുന്ന സീറ്റുകളിലേയ്ക്ക് പരിഗണിക്കുന്നത് സംബന്ധിച്ച്**

28.08.2018 തീയതിയിലെ സർക്കാർ നിർദ്ദേശം അനുസരിച്ച് എം.ബി.ബി.എസ്/ബി.ഡി.എസ് കോഴ്സുകളിൽ ഒഴിവുള്ള സീറ്റുകൾ നികത്തുന്നതിനായി 2018 സെപ്റ്റംബർ 4, 5 തീയതികളിൽ തിരുവനന്തപുരത്ത് വച്ച് നടത്തുന്ന മോപ്പ്-അപ്പ് കൗൺസലിംഗിൽ മെഡിക്കൽ കോഴ്സുകൾക്കുള്ള സംസ്ഥാന റാങ്ക് ലിസ്റ്റിൽ നിന്നും അപേക്ഷകർ ലഭ്യമാകാതെ സീറ്റുകൾ ഒഴിവു വരുന്ന പക്ഷം ആയതിലേയ്ക്ക് 2018-ലെ നീറ്റ് യോഗ്യത നേടിയതും ഏതെങ്കിലും കാരണങ്ങളാൽ സംസ്ഥാന റാങ്ക് ലിസ്റ്റിൽ ഉൾപ്പെടാൻ കഴിയാതെ പോയതുമായ വിദ്യാർത്ഥികളെ പരിഗണിക്കുന്നതാണ്. ഇവർ KEAM-2018 പ്രോസ്പെക്ടസ് ക്ലോസ് 6 പ്രകാരമുള്ള നേറ്റിവിറ്റി യോഗ്യത, അക്കാദമിക യോഗ്യത, വയസ്സ് സംബന്ധിച്ച യോഗ്യത എന്നിവ നേടിയിരിക്കണം.

1) ഇവർ 'കേരളീയൻ' അല്ലെങ്കിൽ 'കേരളീയേതരൻ 1-ാം വിഭാഗം' എന്നിവയിൽ ഏതെങ്കിലും വിഭാഗത്തിൽപ്പെട്ടവർ ആയിരിക്കണം.
2) ഇവർ പ്രോസ്പെക്ടസ് ക്ലോസ് 6.1.1 പ്രകാരം നേറ്റിവിറ്റി തെളിയിക്കുന്നതിനും, അക്കാദമിക യോഗ്യത, വയസ്സ് എന്നിവ തെളിയിക്കുന്നതിനുമുള്ള രേഖകളുടെ അസ്സൽ മോപ്പ്-അപ്പ് കൗൺസലിംഗിൽ ഹാജരാക്കേണ്ടതാണ്.
(3) ഇവർ KEAM-2018-ൽ അപേക്ഷാഫീസ് ഒടുക്കിയിട്ടില്ലാത്ത പക്ഷം 500 രൂപ അപേക്ഷാ ഫീസ് പ്രവേശന പരീക്ഷാകമ്മീഷണറുടെ പേരിൽ ഏതെങ്കിലും ദേശസാൽകൃത ബാങ്കിൽ നിന്നും എടുത്ത തിരുവനന്തപുരത്ത് മാറാവുന്ന ഡിമാന്റ് ഡ്രാഫ്റ്റ് മുഖേന സമർപ്പിക്കേണ്ടതാണ്.
(4) ഇവർ മോപ്പ്-അപ്പ് കൗൺസലിംഗിനായി 04.09.2018 ഉച്ചയ്ക്ക് 2 മണിയ്ക്ക് ഹാജരായാൽ മതിയാകും.
(5) KEAM-റാങ്ക് ലിസ്റ്റിൽ നിന്നും അപേക്ഷകരെ ലഭ്യമല്ലായെങ്കിൽ മാത്രമെ ഇവരെ പരിഗണിക്കുകയുള്ളൂ.

**മോപ്പ്-അപ്പ് കൗൺസലിംഗ് സമയക്രമം**

| KEAM-2018 മെഡിക്കൽ റാങ്ക് | ഹാജരാകേണ്ട സമയം |
|---|---|
| 1 മുതൽ 4000 വരെ | 04.09.2018 രാവിലെ 9 മണി |
| 4001 മുതൽ | 04.09.2018 ഉച്ചയ്ക്ക് 2 മണി |
| സംസ്ഥാന റാങ്ക് ലിസ്റ്റിൽ ഉൾപ്പെടാത്തതും നീറ്റ് യോഗ്യത നേടിയവരുമായ വിദ്യാർത്ഥികൾ | 04.09.2018 ഉച്ചയ്ക്ക് 2 മണി |

ഹെൽപ്പ് ലൈൻ നമ്പരുകൾ: 0471 2332123, 2339101, 2339102, 2339103, 2339104

തിരുവനന്തപുരം
01.09.2018

പ്രവേശന പരീക്ഷാ കമ്മീഷണർ